കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# ഇടപ്പള്ളി-മണ്ണുത്തി ദേശീയപാത സർക്കാർ ഏറ്റെടുക്കണം

സ്വകാര്യടോൾ കമ്പനിയും പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് പാലിയേക്കരയിൽ ജനങ്ങളെ കൊള്ളയടിക്കുന്നതിന്റെ യാഥാർത്ഥ്യങ്ങൾ പുറത്തുവന്ന സാഹചര്യത്തിൽ ബി.ഒ.ടി. കരാർ റദ്ദ് ചെയ്ത് ഇടപ്പള്ളി-മണ്ണുത്തി ദേശീയപാത സർക്കാർ ഏറ്റെടുക്കുകയും ടോൾ പിരിവ് നിർത്തലാക്കുകയും ചെയ്യണം. 312 കോടി രൂപ മാത്രം മുതൽ മുടക്കിയ ടോൾ പിരിവു കമ്പനി രണ്ടര വർഷം കൊണ്ടു തന്നെ മുടക്ക് മുതലിനേക്കാൾ അധികം തുക പിരിച്ചെടുത്ത് കഴിഞ്ഞുവെന്ന് വിവരാവകാശരേഖകൾ വ്യക്തമാക്കുന്നു. ഇനിയും 15 വർഷത്തോളം കാലാവധി ബാക്കിയായ സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ സമ്പത്തും സഞ്ചാരസ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള ബാദ്ധ്യത കേന്ദ്ര-സംസ്ഥാനസർക്കാറുകൾ നിറവേറ്റണം. ഇക്കാര്യത്തിൽ ഇരു സർക്കാറുകളും പരസ്പരം പഴിചാരി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുന്നത് സംസ്ഥാനത്തെ ജനങ്ങളോടുള്ള വഞ്ചനയാണ്. സംസ്ഥാനത്തെ മുഴുവൻ ദേശീയപാതകളും ഇത്തരത്തിൽ സ്വകാര്യ ബി.ഒ.ടി. പാതകളാക്കാനുള്ള കേന്ദ്രപദ്ധതിയെ ജനതാൽപ്പര്യം മാനിച്ച് സംസ്ഥാന സർക്കാർ എതിർക്കണം. നവ ഉദാരവൽക്കരണനയത്തിന്റെ ഉൽപ്പന്നമായ ഇത്തരം റോഡ് സ്വകാര്യവൽക്കരണ പദ്ധതികളെപ്പറ്റി മൗനം പാലിച്ച സി.പി.എം. പഠനകോൺഗ്രസ്സിന്റെ നിലപാട് ഇരട്ടത്താപ്പാണ്. ടോൾ പ്ലാസ ഒഴിവാക്കി സമാന്തരപാതയിലൂടെ സഞ്ചരിച്ച കാർ യാത്രക്കാരനെ ഭീഷണിപ്പെടുത്തിയ ചാലക്കുടി ഡി.വൈ.എസ്.പി.ക്കെതിരെ കേവലം വകുപ്പ് നടപടികളിൽ ഒതുക്കാതെ അഴിമതിയടക്കമുള്ള കാര്യങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ടോൾ കമ്പനിയുടെ പണത്തിന്റെ ദു:സ്വാധീനമാണ് ജനങ്ങൾക്ക് സംരക്ഷണം നൽകേണ്ട നിയമപാലകർ യാത്രക്കാരെ പീഡിപ്പിക്കുന്ന തരത്തിലേക്ക് കാര്യങ്ങളെ എത്തിച്ചിരിക്കുന്നത്.

**ഹാഷിം ചേന്നാമ്പിള്ളി, എറണാകുളം**

# അപരശബ്ദങ്ങളോടുള്ള ഭരണകൂട അസഹിഷ്ണുതയ്ക്കെതിരെ



**അഭിപ്രായഭിന്നതകളോട്** തീവ്രവലതുപക്ഷ ഗ്രൂപ്പുകൾ പ്രകടിപ്പിക്കുന്ന അസഹിഷ്ണുതതന്നെയാണ് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും അവരുണ്ടാക്കുന്ന ഗവൺമെന്റും ഇന്ന് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒരുവശത്ത് സ്റ്റേറ്റിന്റെ അമിതാധികാര പ്രവണതകളും, മറുവശത്ത് മധ്യകാല യാഥാസ്ഥിതികത്വത്തിൽ നിന്ന് മുന്നോട്ടുപോകാത്ത പ്രതിലോമശക്തികളും കൂടി ജനാധിപത്യത്തിലെ പ്രതീക്ഷകളെ നിരന്തരം ശോഷിപ്പിച്ചുകൊണ്ടിരിക്കുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. കേരളീയം പോലെയുള്ള പരിസ്ഥിതി-മനുഷ്യാവകാശ പ്രസദ്ധീകരണങ്ങളെ നിരന്തരം വേട്ടയാടി, നിലാവുകൂട്ടായ്മകളെയോ, സംഗീതരാവുകളെയോ, എന്തിന് പുതുവത്സര ആഘോഷങ്ങളെയോപോലും ഭയത്തോടെ നോക്കിക്കണ്ട്, സദാചാര പോലീസായി വേഷംകെട്ടി സ്വാതന്ത്ര്യങ്ങൾക്കുമേൽ പോലീസ് നടത്തുന്ന നിയമവിരുദ്ധ ഇടപെടലുകളുടെയെല്ലാം അത്യന്തികലക്ഷ്യം അപരശബ്ദങ്ങളെ നിശ്ശബ്ദമാക്കലാണ്. നിർഭയമായ വ്യക്തിസ്വാതന്ത്ര്യമില്ലെങ്കിൽ ജനാധിപത്യമില്ല. പൗരന്മാരുടെ സ്വതന്ത്രമായ ഒത്തുചേരലുകളെ, ആനന്ദത്തെ ഭയക്കുന്നവർ പൗരന്റെ രാഷ്ട്രീയകാമനകളുടെ അബോധത്തെതന്നെയാണ് ഭയക്കുന്നത്. അടിച്ചമർത്തലിന്റെ വൃത്തികെട്ട ഒരു ഉപകരണമായാണ് സ്റ്റേറ്റ് സർവൈലൻസ് ഇന്ന് പ്രവർത്തിക്കുന്നത്. സ്വകാര്യതയുടെ മേലുള്ള സ്റ്റേറ്റിന്റെ ചാരനിരീക്ഷണം സ്വതന്ത്രമായിരിക്കേണ്ട സാംസ്കാരിക ഇടങ്ങളിൽപ്പോലും കാമറകൾ സ്ഥാപിച്ചുകൊണ്ട് മനുഷ്യാന്തസ്സിനുമേൽ കടന്നുകയറ്റം നടത്തുന്നു. നിയമാനുസൃതമല്ലാത്ത കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ച്, മനുഷ്യർ ഒത്തൊരുമിച്ചിരിക്കുന്നതിനെ തടയാൻ ശ്രമിക്കുന്ന ഒരു ഫാസിസ്റ്റ് മനോനില ഭരണാധികാരത്തിന്റെ സർവ്വതലങ്ങളിലും ഏറിവരുകയാണ്. പ്രകൃതിവിഭവങ്ങളായ മണ്ണും, ജലവും, വായുവും, മലകളും, പുഴകളുമെല്ലാം സമൂഹത്തിന് ഒന്നാകെ അവകാശപ്പെട്ടതാണെന്ന് നമുക്ക് ഇന്ന് സ്ഥാപിച്ചെടുക്കേണ്ടിവരുന്നതുപോലെ പ്രധാനമാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പൊതു ഇടങ്ങളെ തിരിച്ചുപിടിക്കേണ്ടതിന്റെ ആവശ്യകതയും. സംവാദങ്ങളെ, ഉണർവുകളെ, ആഹ്ലാദങ്ങളെ, ആനന്ദത്തെ നാം ക്രിയാത്മകമായി തിരിച്ചുപിടിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി *'അപരശബ്ദങ്ങളോടുള്ള ഭരണകൂട അസഹിഷ്ണുതയ്ക്കെതിരെ, Against State Surveillance, പൊതുഇടങ്ങൾ തിരിച്ചുപിടിക്കാൻ'* എന്ന പരിപാടി ജനുവരി 12 മുതൽ 17 വരെ തൃശൂരിൽ നടന്ന അന്തരാഷ്ട്ര നാടകോത്സവ വേദിയിൽ വച്ച് നടന്നു. റിജിണൽ തിയ്യറ്റർ ക്യാപസിൽ വലിച്ചുകെട്ടിയ ബാനറിൽ വിവിധ നാടുകളിൽ നിന്നെത്തിയവർ പ്രതിഷേധം രേഖപ്പെടുത്തി.